(ഡി & ഇ) ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ എയിഡ്സ് രോഗികൾക്കാവശ്യമായ ആന്റി റിട്രോവൈറൽ (A.R.T.) മരുന്നുകൾ സൗജന്യമായി മെഡിക്കൽ കോളേജ് ആശുപത്രികളിലും തുടർന്ന് ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 1 കോടി 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ ഈ മരുന്നുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

പകർച്ചവ്യാധികൾ തടയാൻ പദ്ധതികൾ

133 [134] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിപാലനരംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ട പകർച്ചവ്യാധികൾ തടയുവാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലമ്പനി, മന്ത്, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, കാലാ ആസാർ, മഞ്ഞപ്പനി മുതലായ രോഗങ്ങൾ തടയുന്നതിനായി നാഷണൽ വെക്ടർബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം എന്ന പ്രത്യേക പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്നുണ്ട്. കൂടാതെ 2010-ാം ആണ്ടോടുകൂടി മന്തുരോഗം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യം വച്ച് ഈ വർഷം മുതൽ മാസ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ ജൂൺ 5-ന് അഖിലേന്ത്യാ തലത്തിൽ നടത്തുന്നുണ്ട്. അതുപോലെ കൊതുകു നശീകരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കുത്താടികളെ ഭക്ഷിക്കുന്ന മത്സ്യങ്ങളെ വളർത്തി കിണറുകളിലും ചെറിയ ജലാശയങ്ങളിലും നിക്ഷേപിക്കുവാൻ പദ്ധതികളുണ്ട്. ഇതിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫോഗിംഗും സ്പ്രേയിംഗും നടത്തിവരുന്നുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly